# പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 562 | 30/6/2016 -ൽ മറുപടിക്ക്

# മീനാട് കുടിവെള്ള പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീമതി. പി.അയിഷാ പോറ്റി | | ശ്രീ. മാത്യു ടി.തോമസ് (ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | ജപ്പാൻ സഹായത്തോടെയുള്ള മീനാട് കുടിവെള്ള പദ്ധതിയുടെ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചത് എന്നാണെന്ന് വ്യക്തമാക്കുമോ; | (എ) | 2006 ഏപ്രിൽ മാസം |
| (ബി) | പദ്ധതിയുടെ നിർമ്മാണ പ്രവൃത്തികൾ മുടങ്ങിയിട്ട് എത്ര കാലമായി; | (ബി) | പദ്ധതി പ്രകാരം വിതരണശൃംഖലകളുടെ പണികൾ ആദ്യം ഏറ്റെടുത്തിരുന്ന കരാറുകാരൻ M/s. K.Ramakrishna Contractors Pvt. Ltd., Hyderabad ആയിരുന്നു. പ്രസ്തുത കരാറുകാരൻ പണി ഉപേക്ഷിച്ചുപോയതിനാൽ M/s. TECPRO Infra Structure Ltd., Kochi എന്ന കമ്പനിക്ക് 2012 ജൂണിൽ ബാക്കി പണികൾക്ക് കരാർ നൽകിയിരുന്നു. 2012 ആഗസ്റ്റിൽ പ്രവർത്തികൾ ആരംഭിച്ചു. കരാർ കാലാവധി 2013 ഡിസംബർ വരെ ആയിരുന്നുവെങ്കിലും 160 കി.മീ. വിതരണ ശൃംഖലയുടെ പണികൾ പൂർത്തിയാക്കാനുണ്ട്. കൂടാതെ നേരത്തേ പൂർത്തീകരിച്ച പൈപ്പ് ലൈനിൽ ഗ്യാപ്പ് ക്ലോസിംഗ് ജോലികൾ ചെയ്ത് പൂർത്തീകരിക്കാനുണ്ട്. M/s. TECPRO യുടെ സാമ്പത്തിക പ്രശ്നങ്ങളാൽ പണി മന്ദഗതിയിലായതിനാൽ അവരുടെ സേവനം അവസാനിപ്പിക്കുവാൻ തീരുമാനിച്ചിരുന്നുവെങ്കിലും 2016 ഡിസംബർ മാസത്തിൽ വിതരണ ശൃംഖലയുടെ പണി പൂർത്തിയാക്കാമെ |

| | | | |
|---|---|---|---|
| | | | നുള്ള അവരുടെ ഉറപ്പിന്മേൽ, പണി 2016 ഫെബ്രുവരി മാസം പുനരാരംഭിച്ചിട്ടുണ്ട്. |
| (സി) | പദ്ധതിയിൽ അവശേഷിക്കുന്ന പ്രവർത്തികൾ എന്തെല്ലാമാണ്; അവ എവിടെയെല്ലാമാണ്; | (സി) | പദ്ധതിയിൽ അവശേഷിക്കുന്നത് വിതരണ ശൃംഖലയുടെ പണികൾ മാത്രമാണ്. അവ പദ്ധതിയിലെ പതിനെട്ട് വില്ലേജുകളിലായി നടന്നുവരുന്നു. പ്രസ്തുത പണികളുടെ വിശദവിവരം അനുബന്ധം-1 ആയി ചേർത്തിരിക്കുന്നു. |
| (ഡി) | ശേഷിക്കുന്ന പണികൾ അടിയന്തരമായി ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (ഡി) & (ഇ) | ശേഷിക്കുന്ന വിതരണ ശൃംഖലയുടെ പണികൾ M/s. TECPRO എന്ന കമ്പനി 2016 ഡിസംബർ മാസത്തിനുള്ളിൽ പൂർത്തിയാക്കുമെന്നുള്ള അവരുടെ ഉറപ്പിന്മേൽ പുനരാരംഭിച്ചിട്ടുണ്ട്. 2016 ഡിസംബർ അവസാനത്തോടെ പണികൾ പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. |
| (ഇ) | പദ്ധതി എന്നത്തേക്ക് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ

അനുബന്ധം-1

| നം. | പഞ്ചായത്ത് | വില്ലേജ് | വിതരണ ശൃംഖല | | |
|---|---|---|---|---|---|
| | | | വിഭാവനം ചെയ്തത് (Km) | ഇതുവരെ സ്ഥാപിച്ചിട്ടുള്ളത് (Km) | ഇനി സ്ഥാപിക്കാനുള്ളത് (Km) |
| 1. | പൂയപ്പള്ളി | പൂയപ്പള്ളി | 53.98 | 52.42 | 1.55 |
| 2. | ചാത്തന്നൂർ & ചിറക്കര | മീനാട് | 64.17 | 64.41 | -- |
| 3. | | ചിറക്കര | 29.95 | 29.23 | -- |
| 4. | | പരവൂർ (പാർട്ട്) | 18.51 | 16.51 | 1.98 |
| 5. | മയ്യനാട് & ആദിച്ചനല്ലൂർ | ആദിച്ചനല്ലൂർ | 8.61 | 6.69 | 1.92 |
| 6. | | മയ്യനാട് | 88.94 | 71.97 | 14.80 |
| 7. | കരവാളൂർ | കരവാളൂർ | 67.39 | 56.52 | 10.86 |
| 8. | നെടുമ്പന & പള്ളിമൺ | നെടുമ്പന & പള്ളിമൺ | 97.84 | 78.65 | 9.03 |
| 9. | | പരവൂർ | 73.87 | 67.54 | 5.11 |
| 10. | ഇടമുളയ്ക്കൽ | ഇടമുളയ്ക്കൽ | 54.93 | 48.93 | 6.01 |
| 11. | | അറയ്ക്കൽ | 46.38 | 40.75 | 5.63 |
| 12. | വെളിയം & ഓടനാവട്ടം | വെളിയം & ഓടനാവട്ടം | 74.05 | 53.89 | 20.16 |
| 13. | അഞ്ചൽ | അഞ്ചൽ | 89.26 | 60.75 | 28.51 |
| 14. | ഇളമാട് | ഇളമാട് | 61.69 | 46.81 | 14.87 |
| 15. | പൂതക്കുളം | പൂതക്കുളം | 48.75 | 38.58 | 9.09 |
| 16. | ഉമ്മന്നൂർ & വാളകം | ഉമ്മന്നൂർ & വാളകം | 84.93 | 53.80 | 30.70 |

സെക്ഷൻ ഓഫീസർ.

JSK/